(iv) ഒ.വി. വിജയൻ സ്മാരകം, പാലക്കാട് :

വർഷം	ബഡ്ജറ്റിൽ നീക്കിവച്ച തുക	അനുവദിച്ച തുക
2011-12	ഇല്ല	50 ലക്ഷം
2012-13	ഇല്ല	6 ലക്ഷം
2014-15	ഇല്ല	50 ലക്ഷം

(v) ഡോ. സുകുമാർ അഴീക്കോട് സ്മാരകം, തൃശ്ശൂർ :

വർഷം	ബഡ്ജറ്റിൽ നീക്കിവച്ച തുക	അനുവദിച്ച തുക
2012-13	ഇല്ല	51,25,000
2014-15	ഇല്ല	10.00,000

(vi) നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന കേന്ദ്രം, പല്ലാരിമംഗലം മാവേലിക്കര :

വർഷം	ബഡ്ജറ്റിൽ നീക്കിവച്ച തുക	അനുവദിച്ച തുക
2011-12	ഇല്ല	5 ലക്ഷം
2012-13	ഇല്ല	5 ലക്ഷം
2014-15	ഇല്ല	1,75,000
2015-16	ഇല്ല	16,20,000

(vii) തുള്ള് അക്കാദമി, കാസർഗോഡ് :

വർഷം	ബഡ്ജറ്റിൽ നീക്കിവച്ച തുക	അനുവദിച്ച തുക
2012-13	ഇല്ല	25 ലക്ഷം

മുശാരികോവിൽ-ശിൽപ്പ പൈതൃക ഗ്രാമം

70(1541) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കണ്ണൂർ ജില്ലയിലെ കഞ്ഞിമംഗലം മുശാരികോവിൽ വെങ്കലശിൽപ്പ നിർമ്മാണവുമായി ബന്ധപ്പെടുത്തി "ശിൽപ്പ പൈതൃക ഗ്രാമ"-മായി പ്രഖ്യാപിക്കുന്നതിനായി കേരള ലളിതകലാ അക്കാഡമി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിലുള്ള ശിൽപ്പികളെ പങ്കെടുപ്പിച്ചുകൊണ്ട് മൂശാരികോവിലിൽ വച്ച് "വെങ്കല പൈതൃകം" എന്ന നാമധേയത്തിൽ ഒരു വെങ്കലശിൽപ ക്യാമ്പ് കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. പഞ്ചലോഹ ശിൽപ്പങ്ങൾ, തെയ്യത്തിനും മറ്റും ഉപയോഗിക്കുന്ന വെങ്കല രൂപങ്ങൾ, ദീപസ്തംഭം തുടങ്ങി പരമ്പരാഗത രീതിയിലുള്ള പല ശില്പ രൂപങ്ങളും മൂശാരികോവിലിൽ നിർമ്മിച്ചുവരുന്നതായി അക്കാദമിയുടെ പ്രാഥമിക പഠനത്തിൽ മനസ്സിലാക്കുവാൻ സാധിച്ചു എന്നാൽ, ശിൽപ്പ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു സ്ഥലങ്ങളിൽ നിന്നും സമാനമായ ആവശ്യം ഉന്നയിച്ചിരിക്കുന്നതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നതിന് കേരള ലളിതകലാ അക്കാദമിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

തുണ്ടിടപറമ്പ് സ്മാരക നിർമ്മാണം

71 (1542) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹോദരൻ അയ്യപ്പൻ മിശ്ര ഭോജനത്തിന് തുടക്കം കുറിച്ച പള്ളിപ്പുറം പഞ്ചായത്തിലെ തുണ്ടിടപറമ്പ് എന്ന സ്ഥലത്ത് സ്മാരകം നിർമ്മിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

സഹോദരൻ അയപ്പൻ മിശ്ര ഭോജനത്തിന് തുടക്കംകുറിച്ച പള്ളിപ്പുറം പഞ്ചായത്തിലെ തുണ്ടിടപറമ്പ് എന്ന സ്ഥലത്ത് സ്മാരകം നിർമ്മിക്കുന്നതിന് സാംസ്കാരിക വകുപ്പിന് സ്മാരക കമ്മിറ്റിയിൽ നിന്നും നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ, ചെറായി തുണ്ടിടപറമ്പിൽ സ്മാരകം നിർമ്മിക്കുന്നതിന് മുസരിസ് പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി 3 സെന്റ് ഭൂമി ലഭ്യമാക്കുന്നതിന് സഹോദരൻ അയ്യപ്പൻ സ്മാരക കമ്മിറ്റി റവന്യൂ വകുപ്പിന് നിവേദനം നൽകിയിട്ടുള്ളതായി ടി സ്മാരക കമ്മിറ്റി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.